ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഇത്തിക്കരയാറിന്റെ കുറുകെ ഞവരൂർ കടവിൽ തടയണയും പാലവും നിർമ്മിക്കുന്ന പ്രവൃത്തിയുടെ പഠനവേക്ഷണ പ്രവൃത്തികൾ 2021 മാർച്ചിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഐ.ഡി.ആർ.ബി.-യിൽനിന്നും ഡിസൈൻ ലഭ്യമാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനുശേഷം മാത്രമേ ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ.

കാസർഗോഡ് ജില്ലയിലെ കടലേറ്റം തടയുന്നതിനുള്ള നടപടി

124(629) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കവ്വായി കായലും അറബിക്കടലും അതിർത്തി പങ്കിടുന്ന കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് ദ്വീപ് പഞ്ചായത്തിലെ വർദ്ധിച്ചുവരുന്ന കടലേറ്റം തടയുന്നതിനും ദ്വീപിൽ വർഷകാലത്തുണ്ടാകുന്ന കരയിടിച്ചിൽ നേരിടുന്നതിന് കരകെട്ടി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

കാസർഗോഡ് ജില്ലയിൽ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 19 കി.മീ. വരുന്ന കിഴക്ക് ഭാഗത്തെ കവ്വായി കായൽ അതിർത്തി പങ്കിടുന്ന വലിയ പറമ്പ കടപ്പുറം ദ്വീപ് പ്രദേശം വളരെ വീതി കുറഞ്ഞതാണ്. ഇവിടെ കാലാകാലങ്ങളിലായി അതിരൂക്ഷമായ കടലാക്രമണം നേരിട്ട്, ജനങ്ങൾ ഭീതിയിലാണ് കഴിയുന്നത്. എല്ലാ വർഷവും ഉണ്ടാകുന്ന രൂക്ഷമായ കടലാക്രമണത്തെ നേരിടാൻ ശാശ്വതപരിഹാരം കാണേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ കേരളത്തിൽ കടലാക്രമണം കൂടുതൽ രൂക്ഷമായി ബാധിക്കുന്ന 10- ഹോട്ട് സ്പോട്ടുകളായ കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, ഒറ്റമശ്ശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ എന്നീ തീരപ്രദേശങ്ങളിൽ ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ തരത്തിലുള്ള നിർമ്മാണപ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിനായി നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ. സി. സി. ആർ) എന്ന ഏജൻസി മുഖേന വിശദമായ പഠനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് 'ഡി.പി.ആർ.' തയ്യാറാക്കി തുടർനടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

തോടിന്റെ അതിർത്തി നിർണ്ണയം, നവീകരണം

125(630) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ-സി) കുന്നംകുളം മുനിസിപ്പാലിറ്റിയിലെ മധുരകുളത്തുനിന്നും കണ്ടാണശ്ശേരി, ഗുരുവായൂർ മുനിസിപ്പാലിറ്റി, എളവള്ളി, മുല്ലശ്ശേരി പഞ്ചായത്തുകളിലൂടെ പോകുന്ന കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ അതിർത്തി

LIBRARY ARCHIVES Kerala Legislative Assembly

നിർണ്ണയിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും അതിൻപ്രകാരം സ്വീകരിച്ച തുടർനടപടി എന്തെല്ലാമെന്നും വിശദമാക്കാമോ?

കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ നവീകരണത്തിനായി 2019-20 -ലെ ബഡ്ജറ്റിൽ (വോള്യം- II, ക്രമനമ്പർ 2197) 15 കോടി രൂപയുടെ എസ്റ്റിമേറ്റിന് ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രവർത്തിയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ?

പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

(എ-സി) കുന്നംകുളം മുനിസിപ്പാലിറ്റിയിലെ മധുരകുളത്തുനിന്നും കണ്ടാണശ്ശേരി ഗുരുവായൂർ മുനിസിപ്പാലിറ്റി, എളവള്ളി, മുല്ലശ്ശേരി പഞ്ചായത്തുകളിലൂടെ പോകുന്ന കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ അതിർത്തി നിർണ്ണയിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന തിനായി 6,70,000 രൂപയുടെ ഭരണാനുമതി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് മൂന്ന് തവണ ദർഘാസും ഒരു തവണ ക്വട്ടേഷനും ക്ഷണിച്ചുവെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുത്തിരുന്നില്ല. രണ്ടാമത് ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ഒരു കരാറുകാരനിൽനിന്നും ക്വട്ടേഷൻ ലഭിച്ചു. ആയത് അംഗീകരിച്ച് എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു അതിർത്തി നിർണ്ണയിച്ച് തരുന്നതിന് ചാവക്കാട് തഹസീൽദാർക്ക് കത്ത് നൽകിയിട്ടുണ്ട്. അതിർത്തി നിർണ്ണയിച്ച് ലഭിക്കുന്ന മുറയ്ക്ക് ഡി.പി.ആർ തയ്യാറാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പുഴ സംരക്ഷണഭിത്തി നിർമ്മാണം

126(631) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴ സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് കോട്ടക്കൽ നിയോജകമണ്ഡലത്തിൽ 2021 വർഷത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ ഭരണാനുമതി നൽകിയത് ഏതെല്ലാം എന്ന് അറിയിക്കാമോ?

പുഴ സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് കോട്ടക്കൽ നിയോജകമണ്ഡലത്തിൽ 2021 വർഷത്തിൽ തയ്യാറാക്കിയ രണ്ട് എസ്റ്റിമേറ്റുകളിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly